**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതി**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3590** **11/ 12/ 2018-ൽ മറുപടിക്ക്**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. കെ.ജെ.മാക്സി** | | **എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ എത്ര; പുരുഷ/സ്ത്രീ തൊഴിലാളികൾ എന്നിവ തിരിച്ച് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 53,82,361 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 34,43,691 സ്ത്രീ തൊഴിലാളികളും 19,38,670 പുരുഷ തൊഴിലാളികളും ഉൾപ്പെടുന്നു.<br>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 9773 പുരുഷൻമാരും 1,46,986 സ്ത്രീകളും ഉൾപ്പെടെ 1,56,759 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | നാളിതുവരെ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിദഗ്ധ തൊഴിലാളികളുടെ വേതനയിനത്തിൽ വിതരണം ചെയ്യുവാനുള്ള കുടിശ്ശിക എത്ര ; | (ബി) യും (സി) യും | വിദഗ്ധ തൊഴിലാളികളുടെ വേതനയിനത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും കുടിശ്ശിക നിലവിലില്ല. |
| (സി) | പ്രസ്തുത കുടിശ്ശികയിനത്തിൽ എത്ര തുക കേന്ദ്രസർക്കാർ നല്കാനുണ്ട്; | | |
| (ഡി) | ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഓരോ തൊഴിലുറപ്പ് തൊഴിലാളിക്കും ശരാശരി എത്ര തൊഴിൽ ദിനങ്ങൾ വീതം സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ഡി) | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു |

| ക്രമ നം. | വർഷം | സൃഷ്ടിച്ച ശരാശരി തൊഴിൽ ദിനങ്ങൾ |
|---|---|---|
| 1 | 2016-17 | 46.97 |
| 2 | 2017-18 | 47.24 |
| 3 | 2018-19(05.12.18 വരെ) | 39 |

| | | | |
|---|---|---|---|
| (ഇ) | തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ പ്രായത്തിൽപെട്ടവരും ഭിന്നശേഷിയുള്ളവരും സ്ത്രീകളും അടക്കമുള്ള തൊഴിലാളികൾ ജോലി ചെയ്യുന്നതിനാൽ അവരുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിനും അനുവദനീയമായ പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ഇ) | സംസ്ഥാനത്ത് വിവിധ ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളുടെ പ്രാതിനിധ്യം വളരെ കൂടുതലും നിലവിലുള്ള എം.ഐ.എസ് കണക്കുകൾ പ്രകാരം 90% - ലും അധികവുമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലുള്ള നിയമപ്രകാരം പത്തോ അതിലധികമോയുള്ള തൊഴിലാളികളെ പങ്കെടുപ്പിച്ചു കൊണ്ടാണ് ഓരോ പ്രവൃത്തിയും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. ഓരോ പ്രവൃത്തിയിലും ഏർപ്പെട്ടിരിക്കുന്ന കായികാധ്വാനം ചെയ്യാൻ കഴിവുള്ള അവിദഗ്ധ തൊഴിലാളിക്കൊപ്പം തന്നെ ഭിന്നശേഷിക്കാരായ തൊഴിലാളികളെ അതാത് വർക്ക്സൈറ്റുകളിൽ നിയോഗിച്ച് അവരവരുടെ പ്രവർത്തനക്ഷമതയ്ക്ക് അനുസരിച്ചുള്ള പ്രവൃത്തികൾ ചെയ്യുവാൻ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ തരത്തിലുള്ള തൊഴിലാളികളുടെ പ്രവർത്തനക്ഷമതയ്ക്ക് അനുസരിച്ചുള്ള പ്രവൃത്തികൾ കണ്ടെത്തുന്നതിനും ആനുപാതികമായുള്ള കൂലി നൽകുന്നതിനും വേണ്ടിയുള്ള ടൈം & മോഷൻ സ്റ്റഡിയുടെ റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്. |
| (എഫ്) | ഗ്രാമീണ മേഖലയിലെ പ്രധാന വരുമാന മാർഗ്ഗമായതിനാൽ ഈ പദ്ധതി അഴിമതി രഹിതമായും കൂടുതൽ കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (എഫ്) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അഴിമതി രഹിതവും കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിന് ചുവടെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു.<br>1. മറ്റ് പദ്ധതികളെ അപേക്ഷിച്ച് വിവിധ ഗ്രാമപഞ്ചായത്ത് വാർഡ്തലത്തിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ മുഖേന കണ്ടെത്തുന്ന പ്രവൃത്തികൾ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുതലത്തിൽ ക്രോഡീകരിച്ച് ഓരോ വർഷവും ലേബർ ബഡ്ജറ്റ്/ |

| | | | |
|---|---|---|---|
| | | | വാർഷിക കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>2. പദ്ധതിയിൽ അഴിമതി ഇല്ലാതാക്കുന്നതിനുവേണ്ടി നിലവിലെ തൊഴിലുറപ്പ് നിയമ പ്രകാരം ഇടനിലക്കാരെയും കോൺട്രാക്ടർമാരെയും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.<br><br>3. പദ്ധതിയിൽ ജോലി നോക്കി വരുന്ന തൊഴിലാളികൾക്ക് ലഭിക്കുവാനുള്ള വേതനം അവരുടെ ബാങ്ക്/പോസ്റ്റാഫീസ് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുന്നതിനുവേണ്ടി നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെൻറ് സിസ്റ്റം (എൻ.ഇ-എഫ്.എം.എസ്), പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെൻറ് സിസ്റ്റം (പി-എഫ്.എം.എസ്) എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**